## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1734 | 07.03.2018 ൽ മറുപടിക്ക്

### ആലത്തൂർ മണ്ഡലത്തിലെ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആർദ്രം പദ്ധതി

| ചോദ്യം<br>കെ.ഡി.പ്രസേനൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി അനുവദിക്കപ്പെട്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി സ്റ്റാഫ് നഴ്സിന്റെ 2 തസ്തികയും ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയും പീഡിയാട്രിക് (ജൂനിയർ കൺസൾട്ടന്റ്), ഗൈനക്കോളജി, ഇ.സി.ജി.ടെക്നീഷ്യൻ ഗ്രേഡ്-II, ദന്തൽ മെക്കാനിക് ഗ്രേഡ്-II, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ്-II എന്നിവയിൽ ഓരോ തസ്തികയും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ 4 തസ്തികയും ഇതിനോടകം സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ഇവിടെ ഒ.പി.ട്രാൻസ്ഫർമേഷൻ സംബന്ധമായ പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ കാര്യങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പട്ടികയിൽ ആലത്തൂർ മണ്ഡലത്തിൽ നിന്നും കിഴക്കഞ്ചേരി, വണ്ടാഴി എന്നീ പി.എച്ച്.സി.കളെ ഉൾപ്പെടുത്തുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി കിഴക്കഞ്ചേരി |

കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് 8 ലക്ഷം രൂപ അനുവദിക്കുകയും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 12.10.2017 ൽ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. ഇവിടെ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇവിടെ വിഷാദരോഗത്തിന് 'ആശ്വാസ്' ക്ലിനിക്കും, ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്ക് 'ശ്വാസ്' ക്ലിനിക്കും പ്രവർത്തിക്കുന്നു. വണ്ടാഴി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 13 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കുഴൽമന്ദം സി.എച്ച്.സി.യിൽ ഓപ്പറേഷൻ തീയറ്ററിന് ആവശ്യമായ സാധനങ്ങൾ, സോളാർ പാനൽ, ആശുപത്രിയുടെ മുൻഭാഗം മോഡിപിടിപ്പിക്കൽ, ഒ.പി.കൗണ്ടർ നവീകരണം, ആശുപത്രിയുടെ മുറ്റം ഇന്റർലോക്ക്, ലബോറട്ടറി നവീകരണം എന്നിവ ബ്ലോക്ക് ഫണ്ട് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി കെട്ടിടങ്ങൾ ആശുപത്രി വികസന സമിതി മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഫാർമസി സ്റ്റോറിനുള്ള എയർ കണ്ടീഷൻ, എൽ.സി.ഡി.പ്രൊജക്ടർ, ലാപ് ടോപ്പ്, ഫോഗിംഗ് മെഷീൻ, എന്നിവ പഞ്ചായത്ത് പ്രോജക്ട് മുഖേന നടന്നു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിലേക്ക് തെരെഞ്ഞെടുക്കുന്ന ആശുപത്രിയുടെ കരട് പട്ടികയിൽ കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ